# കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

ICAR-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം
കൃഷ്ണപുരം – 690 533, കേരളം

വാല്യം 18 ലക്കം -03
Vol. 18 Issue - 03

ജൂലൈ – സെപ്റ്റംബർ 2020
July - September 2020

# വാർത്താപത്രിക
# NEWSLETTER

QR CODE


## കെ.വി.കെയിൽ കാർഷികോൽപ്പന്ന സംസ്കരണ പരിശീലന ഇൻകുബേഷൻ കേന്ദ്രം




കാർഷികോൽപ്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്ന നിർമ്മാണ മേഖലയിൽ കർഷകർക്ക് കൈത്താങ്ങാവുകയാണ് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ സജ്ജമായിരിക്കുന്ന പരിശീലന ഇൻകുബേഷൻ കേന്ദ്രം. 2002 മുതൽ നാളികേരം, ചക്ക, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉത്പ്പന്ന നിർമ്മാണ പരിശീലനങ്ങളിലൂടെ നിരവധി സംരംഭകരെ വാർത്തെടുത്ത കൃഷി വിജ്ഞാന കേന്ദ്രത്തിൽ പരിശീലനങ്ങളും തുടർ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാനും ഇൻകുബേഷൻ സൗകര്യമൊരുക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങളാണ് കേരള സർക്കാരിന്റെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ സ്ഥാപിച്ചിരിക്കുന്നത്.

ഈ ഇൻകുബേഷൻ സെന്ററിൽ നാളികേരപ്പാലിൽ നിന്നുള്ള ഉരുക്കുവെളിച്ചെണ്ണ തയ്യാറാക്കുന്നതിനായി നാളീകേരത്തിന്റെ ചിരട്ട പൊട്ടിക്കുന്ന മെഷീൻ, കാമ്പിന്റെ തൊലി നീക്കം ചെയ്യുന്നതിനുള്ള മെഷീൻ, നാളീകേര കാമ്പ് പൊടിക്കുന്നതിനുള്ള മെഷീൻ, തേങ്ങാപ്പാൽ പിഴിഞ്ഞെടുക്കുന്നതിനുള്ള എക്സ്ട്രാക്ടർ, വി.സി.ഒ. കുക്കർ, മാനുവൽ സ്ക്രൂപ്രസ് എന്നിവയും പീരയിൽ നിന്നുള്ള ഉത്പന്നങ്ങൾ, നാളീകേര വെള്ളത്തിൽ നിന്നുള്ള ഉത്പന്നങ്ങൾ എന്നിവ തയ്യാറാക്കുന്നതിനുള്ള ഡ്രയർ, റോസ്റ്റിംങ് മെഷീൻ തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്.

പച്ചച്ചക്ക, ഏത്തയ്ക്ക, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവ ഉണക്കുന്നതിനുള്ള ഡ്രയർ; പൊടിക്കുന്നതിനുള്ള പൾവറൈസർ; ചക്കപ്പഴം, മാമ്പഴം, പപ്പായ, പാഷൻഫ്രൂട്ട് എന്നിവയുടെ പൾപ്പ് എടുക്കുന്നതിനുള്ള പൾപ്പർ; പൾപ്പ് വറ്റിച്ചെടുക്കുന്നതിനും ജാം, സ്ക്വാഷ്, സോസ് എന്നിവ തയ്യാറാക്കുന്നതിനുള്ള സോട്ടിനർ; ബേക്കറി ഉത്പന്നങ്ങൾക്കായി മാവ് തയ്യാറാക്കുന്നതിനുള്ള യന്ത്രം; റെഡി-റ്റു-ഈറ്റ് വിഭവങ്ങൾക്ക് സംരക്ഷക വസ്തുക്കൾ ചേർക്കാതെ സൂക്ഷിപ്പുഗുണം വർദ്ധിപ്പിക്കുന്നതിനുള്ള റിട്ടോർട്ടിങ്ങ് മെഷീൻ; ചക്കപ്പൊടി, മറ്റ് ധാന്യപ്പൊടികൾ എന്നിവ ഉപയോഗിച്ച് പാസ്ത, നൂഡിൽസ്




**കെ. വി. കെ. യുമായി ബന്ധപ്പെടാൻ...**

ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ, സി.പി.സി.ആർ.ഐ.(ആർ.എസ്.), കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ : 0479 2449268,0479 2959268, 9447790268
Email: kvkalapuzha@gmail.com | Kvk.Alappuzha@icar.gov.in |
www.kvkalappuzha.org


ഭയമല്ല ജാഗ്രതയാണ് വേണ്ടത്
ഒന്നിച്ച് നേരിടാം കരുതലോടെ
Break the chain

എന്നിവ തയ്യാറാക്കുന്നതിനുള്ള മെഷീൻ; പായ്ക്കിങ് മെഷീൻ; ശുദ്ധജല ലഭ്യതക്കായി ആർ.ഒ വാട്ടർ പ്ലാന്റ് എന്നിങ്ങനെ വ്യത്യസ്തവും വൈവിധ്യ പൂർണ്ണവുമായ യന്ത്രസാമഗ്രികളും ഈ കേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്.

ലോക്ക് ഡൗൺ കാലയളവിൽ ചക്ക ഉണക്കാനും പഴങ്ങൾ പൾപ്പാക്കി വറ്റിച്ചെടുക്കുന്നതിനും പാനീയങ്ങൾ നിർമ്മിക്കുന്നതിനും നിരവധി കർഷകരും സംരംഭകരുമാണ് ഈ സെന്ററിന്റെ സേവനം ഉപയോഗിച്ചത്.

ഇതോടൊപ്പം പുതിയ ഉത്പന്നങ്ങൾ തയ്യാറാക്കാനുള്ള ശ്രമങ്ങളും നടത്തി വരുന്നു. കുടമ്പുളിയിൽ നിന്നുള്ള പെയ്സ്റ്റ് ഇത്തരത്തിൽ ഈ സെന്ററിൽ തയ്യാറാക്കിയെടുത്ത ഒരു പുതിയ ഉത്പന്നമാണ്. പഴുത്തു പാകമായ കുടമ്പുളിയിൽ നിന്നുള്ള പെയ്സ്റ്റ് കറികളിൽ നേരിട്ടു പയോഗിക്കാവുന്നതാണ്. മീൻ കറിയിൽ മാത്രമല്ല സാമ്പാർ, രസം, ചമ്മന്തി എന്നിങ്ങനെ പുളി ആവശ്യമുള്ള വിഭവങ്ങളിൽ ചേർക്കാം. കുടമ്പുളി നേരിട്ട് ഉപയോഗിക്കുന്നത് കൊളസ്ട്രോളും അമിത കൊഴുപ്പും കുറയ്ക്കുമെന്ന് വിദഗ്ധർ പറയുന്നു. കൈകാര്യം ചെയ്യാനുള്ള സൗകര്യം, വൈവിധ്യമാർന്ന ഉപയോഗം, സൂക്ഷിപ്പുഗുണം എന്നിവ പരിഗണിക്കുമ്പോൾ ഇപ്പോൾ ലഭ്യമായ ഉണങ്ങിയ കുടമ്പുളിയെക്കാൾ ഏറെ മെച്ചമായിരിക്കും കുടമ്പുളി പേസ്റ്റിന്റെ ഉപയോഗം.

ഈ കേന്ദ്രത്തിൽ ഉത്പാദിപ്പിക്കുന്ന കുടമ്പുളി പെയ്സ്റ്റ്, ചക്ക പ്പൊടി, സ്ക്വാഷ്, സോസ്, പാനീയങ്ങൾ, വെർജിൻ വെളിച്ചെണ്ണ തുടങ്ങിയ മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ ചുരുങ്ങിയ തോതിൽ വില്പനയ്ക്കും ലഭ്യമാണ്.

## പോഷക മാസാചരണം






പോഷകസമ്പുഷ്ടവും വൈവിധ്യമാർന്നതുമായ ആഹാര ശീലങ്ങളിലൂടെ പൗരന്മാരുടെ ആരോഗ്യവും രോഗപ്രതിരോധ ശേഷിയും വർദ്ധിപ്പിക്കാനുള്ള ഭാരത സർക്കാരിന്റെ പ്രചരണത്തിന്റെ ഭാഗമായി സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലായി പോഷകമാസാചരണം നടത്തി. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ എഴുപതാം പിറന്നാളിനോടനുബന്ധിച്ച് രാജ്യമെമ്പാടും സംഘടിപ്പിച്ച പോഷൺ അഭിയാൻ ക്യാംപെയിനിലൂടെ 2020 സെപ്റ്റംബർ 17ന് ഇതിന് തുടക്കമായി. ഇതിന്റെ ഭാഗമായി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 40 അങ്കനവാടി അദ്ധ്യാപികമാരെ സംഘടിപ്പിച്ച് കൃഷി വിജ്ഞാന കേന്ദ്രം തെക്കേക്കരയിൽ നടത്തിയ പരിപാടി പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ. ആർ. ഉണ്ണികൃഷ്ണൻ പത്തിനം പച്ചക്കറി വിത്തുകളടങ്ങിയ പായ്ക്കറ്റ് കൈമാറി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പങ്കെടുത്ത കെ.വി.കെ. മേധാവി ഡോ. പി. മുരളീധരൻ, വീടുകളിൽ പച്ചക്കറിത്തോട്ടം ഒരുക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും കോവിഡിനെ ചെറുക്കുന്നതിനും അതിജീവിക്കുന്നതിനും പോഷക സമ്പന്നമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംസാരിച്ചു. തുടർന്ന് കെ.വി.കെ. സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ്ജ് അങ്കനവാടികളിലും വീടുകളിലും പോഷകത്തോട്ടം നിർമ്മിക്കുമ്പോൾ ഉൾപ്പെടുത്തേണ്ട വിളകളെക്കുറിച്ചും ശ്രീ. എം.എസ്. രാജീവ് പച്ചക്കറി വിളകൾ നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും അവയുടെ പരിപാലന മുറകളെക്കുറിച്ചും വിവരിച്ചു. ഇഫ്കോ (IFFCO) യിൽ നിന്നു ലഭിച്ച അഞ്ചിനം ഇലക്കറിവിളകളുടെ വിത്തിനൊപ്പം കെ.വി.കെ.യിൽ നിന്നും ചീര, വെണ്ട, പയർ, മത്തൻ, വഴുതന എന്നീ വിത്തിനങ്ങൾക്കൂടി ഉൾപ്പെടുത്തിയ പച്ചക്കറി വിത്തു കിറ്റാണ് അങ്കനവാടി അദ്ധ്യാപികമാർക്ക് ലഭ്യമാക്കിയത്. അങ്കനവാടി അദ്ധ്യാപികമാരുടെ പ്രതിനിധിയായി ശ്രീമതി. ശ്രീകുമാരി നന്ദി പ്രകാശിപ്പിച്ചു. വീട്ടുമുറ്റത്തെയും അങ്കനവാടികളിലെയും പോഷകത്തോട്ടങ്ങൾ സമീപവീടുകളിലെ വീട്ടമ്മമാർക്കും അങ്കനവാടികളിലെ ഗുണഭോക്താക്കൾക്കും മാതൃകയാവുമെന്നുള്ളത് കെ.വി.കെ. സംഘടിപ്പിച്ച മുൻകാല പ്രദർശന പരിപാടികൾ തെളിയിച്ചിട്ടുണ്ട്.

## ഓണക്കിറ്റ് വിതരണം

ഓണാട്ടുകര സുഗന്ധവ്യഞ്ജന കർഷക ഉത്പാദക കമ്പനി ഓണാഘോഷത്തിന്റെ ഭാഗമായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയും കെ.വി.കെ.യുടെ പങ്കാളിത്തത്തോടെയും കമ്പനിയിലെ 265 ഓളം ഷെയർ ഹോൾഡർമാർക്ക് പത്തിനം പച്ചക്കറികളും മഞ്ഞൾ പ്പൊടിയും അടങ്ങിയ ഓണക്കിറ്റ് വിതരണം ചെയ്തു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും കമ്പനിയുടെ മാനേജിങ് ഡയറക്ടറുമായ ശ്രീമതി. രജനി ജയദേവ് കിറ്റിന്റെ വിതരണോദ്ഘാടനം നിർവ്വഹിച്ചു.



കെ.വി.കെ. മേധാവി ഡോ. പി. മുരളീധരൻ, കെ.വി.കെ. സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുമാരായ ശ്രീ. എം.എസ്. രാജീവ്, ശ്രീമതി. ജിസ്സി ജോർജ്ജ്, കമ്പനിയുടെ സി.ഇ.ഒ., ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു നടത്തിയ വിതരണത്തിന് ഘട്ടംഘട്ടമായി എത്തിയാണ് കർകർക്ക് കിറ്റുകൾ കൈപ്പറ്റിയത്.

# നൂതന സാങ്കേതിക വിദ്യകൾ

## കോഴികളിലെ കാനിബോളിസം നിയന്ത്രിക്കാം



കോഴികളിൽ കണ്ടുവരുന്ന ഒരു ദുശ്ശീലമാണ് കാനിബോളിസം. തമ്മിൽ കൊത്തി മുറിവേൽപ്പിച്ച് തൂവലുകളും മാംസവും പറിച്ചെടുത്ത് ഉപദ്രവിക്കുന്ന സ്വഭാവമാണിത്. ചോര മറ്റുള്ളവയുടെ ദേഹത്ത് പറ്റുമ്പോൾ അവയെയും ആക്രമിക്കുന്നു. അങ്ങനെ കൂട്ടത്തിലുള്ള കോഴികൾ മുഴുവനും ബാധിക്കപ്പെടുന്നു.

തീറ്റയിൽ മാംസ്യത്തിന്റെയും നാരുകളുടെയും അളവ് കുറയുമ്പോഴും, തീറ്റ, വെള്ളപ്പാത്രങ്ങളുടെ എണ്ണം ആവശ്യാനുസരണം ഇല്ലാതെ വരുമ്പോഴുമാണ് ഈ ദുശ്ശീലം തുടങ്ങുന്നത്. നാരുകൾ കൂടുതലുള്ള പച്ചിലകൾ കൂട്ടിൽ കെട്ടിത്തൂക്കി കോഴികളുടെ ശ്രദ്ധ മാറ്റിയും അവയുടെ മേൽച്ചുണ്ട് മുന്നിൽ ഒരുഭാഗം മുറിച്ചു നീക്കിയും ഇത് ഒരു പരിധിവരെ തടയാം. മേൽച്ചുണ്ട് മുറിച്ചു മാറ്റിയ ശേഷം മുറിവ് ഡീബീക്കർ ഉപയോഗിച്ച് കരിച്ചുകളയണം. കോഴികളെ കൂട്ടിൽ തിങ്ങിപ്പാർപ്പിക്കാതെ ആവശ്യാനുസരണം സ്ഥലം അനുവദിച്ചും കാനിബോളിസം നിയന്ത്രിക്കാം.

## ജൈവവളം പൊടിച്ച് ഉപയോഗിക്കാം



ഉണങ്ങിയ ചാണകം, ആട്ടിൻ കാഷ്ഠം എന്നിവ കൃഷിസ്ഥലത്ത് ജൈവ വളമായി ഉപയോഗിക്കുമ്പോൾ, അനുകൂലസാഹചര്യങ്ങളി ല്ലെങ്കിൽ അവ മണ്ണിൽ ലയിക്കാതെ ഉപരിതലത്തിൽ തങ്ങിനിന്ന്, ജൈവാംശം വിളകൾക്ക് ലഭ്യമാകാൻ കാലതാമസം വരും. ഇത് മൂലം ഉദ്ദേശിച്ച ഫലം ചെടികൾക്കും മണ്ണിനും കിട്ടുകയുമില്ല. പ്രത്യേകിച്ച് ആട്ടിൻ കാഷ്ഠം പൊടിഞ്ഞ് മണ്ണിൽ ചേരാൻ ദീർഘകാലമെടുക്കും. ഇതിനൊരു പരിഹാരമാണ് ജൈവവളം പൊടിക്കുന്ന യന്ത്രം. നന്നായി ഉണങ്ങിയ ഏതു ജൈവവസ്തുവും പൊടിച്ചെടുക്കാം. ഇങ്ങനെ തയ്യാറാക്കുന്ന ജൈവവളത്തിൽ നിന്നും പോഷകങ്ങൾ എളുപ്പത്തിൽ ലഭ്യമാവും. മണിക്കൂറിൽ 100 കിലോ ജൈവവളം പൊടിക്കാവുന്ന മെഷീൻ വൈദ്യുതി ഉപയോഗിച്ചാണ് പ്രവർത്തിക്കുക. 43,000 രൂപയാണ് വില. കെ.വി.കെയിൽ ഇത്തരം മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. കർഷകർക്ക് ഇവിടം സന്ദർശിച്ച് പ്രവർത്തന രീതി മനസ്സിലാക്കാവുന്നതാണ്.

## മരച്ചീനിയുടെ വിളവ് വർദ്ധിപ്പിക്കാൻ

ഓണാട്ടുകര പ്രദേശത്തെ കൃഷിചെയ്യുന്ന പ്രധാന കിഴങ്ങുവിളയായ മരച്ചീനി തുടർച്ചയായി കൃഷി ചെയ്യുന്ന ഇടങ്ങളിൽ, കുമ്മായത്തിന്റെയും മണ്ണ് പരിശോധനാധിഷ്ഠിത സംയോജിത വളപ്രയോഗത്തിന്റെയും അഭാവത്താൽ അമ്ലത ഉയരുന്നതായും ഉപ പ്രധാന-സൂക്ഷ്മ പോഷകങ്ങളുടെ ലഭ്യത കുറയുന്നതായും അതുവഴി ഉത്പാദനം കുറയുന്നതായും കണ്ടുവരുന്നു. കർഷകർ പ്രാഥമിക പോഷകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ മരച്ചീനിക്ക് നൽകാറുണ്ടെങ്കിലും മറ്റു അവശ്യ പോഷകങ്ങൾ സാധാരണയായി വളങ്ങളായി നൽകാറില്ല. അതിനാൽ മരച്ചീനി കൃഷിയിൽ മണ്ണ് പരിശോധനാധിഷ്ഠിത-സംയോജിത വളപ്രയോഗരീതി അവലംബിക്കേണ്ടത് വളരെ അത്യാവശ്യമാണ്. വീതികുറഞ്ഞ ഇലകൾ, അവയുടെ മുരടിപ്പ് എന്നിവ മരച്ചീനി ഉത്പാദനത്തെ ഗണ്യമായി കുറയ്ക്കും. ഇതിനു പരിഹാരമായി കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനം (സി.ടി.സി.ആർ.ഐ) നിർദ്ദേശിക്കുന്ന വളപ്രയോഗരീതി കർഷകരെ പരിചയപ്പെടുത്തി. കൃഷി ആരംഭിക്കുന്നതിനു മുമ്പ് മണ്ണു പരിശോധന നടത്തുകയും അതുപ്രകാരം തയ്യാറാക്കിയ മഗ്നീഷ്യം, സിങ്ക്, ബോറോൺ എന്നിവ അടങ്ങിയ വളക്കൂട്ട് (Customised Fertilizer) തണ്ട് നട്ട് 2,3 മാസങ്ങൾക്കു ശേഷം രണ്ട് തവണയായി 25ഗ്രാം വീതം ഓരോ ചുവടിനും നൽകുകയും ചെയ്തു. ഇതിനു പുറമെ ഡോളമൈറ്റും ജൈവ വളവും തുടക്കത്തിൽ തന്നെ ചേർക്കേണ്ടതുമാണ്. കെ.വി.കെയുടെ നേതൃത്വത്തിൽ തഴക്കര പഞ്ചായത്തിൽ നടത്തിയ മുൻനിര പ്രദർശന പരിപാടിയിൽ ഇതുപയോഗിച്ചപ്പോൾ വിളവ് 30 ശതമാനത്തോളം വർദ്ധിച്ചതായി പങ്കാളിത്ത കർഷകർക്ക് ബോധ്യപ്പെട്ടു.





# കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

ICAR-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം
കൃഷ്ണപുരം – 690 533, കേരളം

വാല്യം 18 ലക്കം -03
Vol. 18 Issue - 03

ജൂലൈ – സെപ്റ്റംബർ 2020
July - September 2020

# വാർത്താപത്രിക
# NEWSLETTER

QR CODE


## കെ.വി.കെയിൽ കാർഷികോൽപ്പന്ന സംസ്കരണ പരിശീലന ഇൻകുബേഷൻ കേന്ദ്രം




കാർഷികോൽപ്പന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പ്പന്ന നിർമ്മാണ മേഖലയിൽ കർഷകർക്ക് കൈത്താങ്ങാവുകയാണ് ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ സജ്ജമാക്കിയിരിക്കുന്ന പരിശീലന ഇൻകുബേഷൻ കേന്ദ്രം. 2002 മുതൽ നാളികേരം, ചക്ക, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉത്പ്പന്ന നിർമ്മാണ പരിശീലനങ്ങളിലൂടെ നിരവധി സംരംഭകരെ വാർത്തെടുത്ത കൃഷി വിജ്ഞാന കേന്ദ്രത്തിൽ പരിശീലനങ്ങളും തുടർ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമാക്കാനും ഇൻകുബേഷൻ സൗകര്യമൊരുക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങളാണ് കേരള സർക്കാരിന്റെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ സ്ഥാപിച്ചിരിക്കുന്നത്.

ഈ ഇൻകുബേഷൻ സെന്ററിൽ നാളികേരപ്പാലിൽ നിന്നുള്ള ഉരുക്കുവെളിച്ചെണ്ണ തയ്യാറാക്കുന്നതിനായി നാളീകേരത്തിന്റെ ചിരട്ട പൊട്ടിക്കുന്ന മെഷീൻ, കാമ്പിന്റെ തൊലി നീക്കം ചെയ്യുന്നതിനുള്ള മെഷീൻ, നാളീകേര കാമ്പ് പൊടിക്കുന്നതിനുള്ള മെഷീൻ, തേങ്ങാപ്പാൽ പിഴിഞ്ഞെടുക്കുന്നതിനുള്ള എക്സ്ട്രാക്ടർ, വി.സി.ഒ. കുക്കർ, മാനുവൽ സ്ക്രൂപ്രസ് എന്നിവയും നീരയിൽ നിന്നുള്ള ഉത്പന്നങ്ങൾ, നാളീകേര വെള്ളത്തിൽ നിന്നുള്ള ഉത്പന്നങ്ങൾ എന്നിവ തയ്യാറാക്കുന്നതിനുള്ള ഡ്രയർ, റോസ്റ്റിംങ് മെഷീൻ തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്. പച്ചച്ചക്ക, ഏത്തയ്ക്ക, കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവ ഉണക്കുന്നതിനുള്ള ഡ്രയർ; പൊടിക്കുന്നതിനുള്ള പൾവറൈസർ; ചക്കപ്പഴം, മാമ്പഴം, പപ്പായ, പാഷൻഫ്രൂട്ട് എന്നിവയുടെ പൾപ്പ് എടുക്കുന്നതിനുള്ള പൾപ്പർ; പൾപ്പ് വറ്റിച്ചെടുക്കുന്നതിനും ജാം, സ്ക്വാഷ്, സോസ് എന്നിവ തയ്യാറാക്കുന്നതിനുള്ള സോട്ടിനർ; ബേക്കറി ഉത്പന്നങ്ങൾക്കായി മാവ് തയ്യാറാക്കുന്നതിനുള്ള യന്ത്രം; റെഡി-റ്റു-ഈറ്റ് വിഭവങ്ങൾക്ക് സംരക്ഷക വസ്തുക്കൾ ചേർക്കാതെ സൂക്ഷിപ്പുഗുണം വർദ്ധിപ്പിക്കുന്നതിനുള്ള റിട്ടോർട്ടിങ്ങ് മെഷീൻ; ചക്കപ്പൊടി, മറ്റ് ധാന്യപ്പൊടികൾ എന്നിവ ഉപയോഗിച്ച് പാസ്ത, നൂഡിൽസ്




### കെ. വി. കെ. യുമായി ബന്ധപ്പെടാൻ...

ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ, സി.പി.സി.ആർ.ഐ.(ആർ.എസ്.), കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ : 0479 2449268,0479 2959268, 9447790268
Email: kvkalapuzha@gmail.com | Kvk.Alappuzha@icar.gov.in | www.kvkalappuzha.org



ഭയമല്ല ജാഗ്രതയാണ് വേണ്ടത്
ഒന്നിച്ച് നേരിടാം കരുതലോടെ
Break the chain